**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4113** **20.03.2018 ൽ മറുപടിയ്ക്ക്**

**സ്കൂളുകൾ കുട്ടികളിൽ കൃഷിയോടുള്ള താൽപര്യം വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| --- | --- |
| എ) കേരളത്തിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം;വ്യക്തമാക്കാമോ; | എ) കേരളത്തിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 2017-18-ൽ കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 79 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതു പ്രകാരം താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1.വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം<br>2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനം<br>3. സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി<br>4.പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവല്ക്കരണം, പ്രചരണം തുടങ്ങിയവ<br>5. ജില്ലാ ക്ലസ്റ്റർ വികസനം<br>6. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം<br>7. നഴ്സറികൾ സ്ഥാപിക്കൽ<br>8. സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വള പ്രയോഗവും<br>9. പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം<br>10.പച്ചക്കറി കൃഷിയ്ക്ക് വേണ്ടി 'മിനി-പോളീഹൗസ്'-കളുടെ പ്രോത്സാഹനം<br>11.'വെജിറ്റബിൾ പ്രൊഡ്യൂസർ കമ്പനികൾ' സ്ഥാപിക്കൽ<br>12.കൃഷിയിടങ്ങളിൽ 'ബയോ-കൺട്രോൾ |

ഏജന്റ്' നിർമ്മാണം

13.മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കമ്മായം, ഡോളോമൈറ്റ്, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ വിതരണം

14.ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം

15.'സേഫ്-ടു-ഈറ്റ്'-ബ്രാൻഡിംഗ് പദ്ധതി വഴി സഹായം

16. അവാർഡ് വിതരണം

17.ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകളുടെ രൂപീകരണം

18. മഴമറ നിർമ്മാണം

19. ബാഹ്യ നിരീക്ഷണം

20. ഡിജിറ്റൽ ഡോക്യുമെന്റേഷൻ

21. കാര്യക്ഷമമായി പ്രവർത്തിക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം

22. വി.എഫ്.പി.സി.കെ. – വഴിയുള്ള വിവിധ പച്ചക്കറി വികസന പദ്ധതികൾ.

| | | | |
|---|---|---|---|
| ബി) | സ്കൂളുകൾ കേന്ദ്രീകരിച്ച് പച്ചക്കറി കൃഷി ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ പച്ചക്കറി കൃഷി വിജയകരമായി നടപ്പാക്കുന്നുണ്ടെന്നും പ്രസ്തുത പച്ചക്കറി കൃഷി ആരുടെ മേൽനോട്ടത്തിലാണ് നടത്തപ്പെടുന്നതെന്നും ആയതിലേയ്ക്കായി സ്കൂളുകൾക്ക് ചെയ്തുകൊടുക്കുന്ന സഹായങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ; | ബി) | സംസ്ഥാനത്ത് തിരഞ്ഞെടുത്ത 2500 സ്കൂളുകളിൽ പച്ചക്കറി കൃഷി വിജയകരമായി നടപ്പാക്കുന്നുണ്ട്. വിദ്യാലയങ്ങൾ തിരഞ്ഞെടുക്കുന്നത് അതാത് പഞ്ചായത്തുകളിലെ കൃഷി ഓഫീസർ/ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ ആണ്. തിരഞ്ഞെടുക്കുന്ന വിദ്യാലയങ്ങൾക്ക് കുറഞ്ഞത് 10 സെന്റ് സ്ഥലത്തെങ്കിലും കൃഷി ഉണ്ടായിരിക്കണം. വിത്തിന്റെ വിലയും, കൃഷിയ്ക്കുള്ള മറ്റു ചിലവുകൾക്കുമായി 4,000/- രൂപ ധനസഹായം നൽകുന്നു. വിദ്യാലയങ്ങളിലെ കൃഷിയുടെ മേൽനോട്ടം അതാതു പഞ്ചായത്ത് കൃഷി ഓഫീസർമാരിൽ നിക്ഷിപ്തമാണ്. സ്കൂളുകളിൽ തിരഞ്ഞെടുത്ത ഒരു അദ്ധ്യാപകനും ഇതിന്റെ ചുമതല വഹിക്കും.<br><br>വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന വിവിധതരം ക്ലബ്ബുകളുടെ പ്രവർത്തനത്തിനായും (നേച്ചർ ക്ലാസ്, ഇക്കോ ക്ലാസ്, ഗ്രീൻ കാഡെറ്റ് ക്രോപ്പ് മുതലായവ) പരിശീലന പരിപാടികൾ, ഫീൽഡ് സന്ദർശനം മുതലായവ സംഘടിപ്പിക്കുന്നതിനുമായി 1,000/- രൂപ |

| | | | |
|---|---|---|---|
| | | | ധനസഹായം നൽകുന്നു.<br>വിദ്യാലയങ്ങളിൽ ജലസേചന സൗകര്യം (കിണർ/ പമ്പ്സെറ്റ് അല്ലെങ്കിൽ രണ്ടും) ഏർപ്പെടുത്തുന്നതിനായി ഒരു യൂണിറ്റിന് 10,000/- രൂപ വീതം ധനസഹായം നൽകുന്നു. അങ്ങനെയുള്ള 50 ജലസേചന യൂണിറ്റുകൾക്കായി ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ തിരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിൽ പ്രോജക്ടടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനും വേണ്ട ധനസഹായം നൽകിയിട്ടുണ്ട്. |
| സി) | കുട്ടികളിൽ കൃഷിയോടുള്ള താൽപര്യം വർദ്ധിപ്പിക്കുന്നതിനായി അടുക്കളത്തോട്ടങ്ങളിൽ കൃഷി ആരംഭിക്കുവാനുള്ള വിത്തും വളവും സ്കൂളുകൾ വഴി വിതരണം ചെയ്യുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | സി) | വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി പച്ചക്കറി വികസന പദ്ധതി പ്രകാരം സ്കൂൾ വിദ്യാർത്ഥികൾ മുഖേന വിവിധ ഇനങ്ങൾ അടങ്ങിയ 20 ലക്ഷം പച്ചക്കറി വിത്തുകൾ 2017-18 ൽ വിതരണം ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിലും ടി പദ്ധതി തുടരുന്നതാണ്. |

Mayap

സെക്ഷൻ ഓഫീസർ